ശ്രീ. പി. ശങ്കരൻ: കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. ഈ സാമ്പത്തിക വർഷം ഭക്ഷ്യ-മായം ചേർക്കൽ നിരോധന നിയമമനുസരിച്ച് 226 പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്.

(6) പാലക്കാട് ജില്ലയിലെ കിഴക്കൻ പ്രദേശത്തെ കൃഷിനാശം

മി. സ്പീക്കർ: ഈ വിഷയം ഇവിടെ പറഞ്ഞതാണല്ലോ? എങ്ങനെയോ മിസ്സേക്ക് വന്നതാണ്.

ശ്രീ. കെ. അച്ചുതൻ: ഞാൻ പറയാൻ പോകുന്ന വിഷയം അതാണെങ്കിലും ഇവിടെ ചന്ദ്രോട്ടൻ കാളിംഗ് അറ്റൻഷനിൽ പറഞ്ഞ കാര്യമല്ല. ഞാൻ നാളെ മദ്രാസിലേക്ക് പോവുകയാണ്. ജയലളിതയ്ക്ക് നിവേദനം നൽകാൻ ഞാനും എന്റെ നിയോജക മണ്ഡലത്തിലെ പഞ്ചായത്ത് പ്രസിഡന്റുമാരുമായി പോവുകയാണ്. വേണ്ടിവന്നാൽ വെള്ളം കിട്ടുന്നതുവരെ തമിഴ്നാട്ടിൽ നിരാഹാരമിരിക്കാനും തയ്യാറായിപ്പോവുകയാണ്. ഈ സഭയുടെ പിൻതുണ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കാനാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. പോകാതെ നിവൃത്തിയില്ല.

മി. സ്പീക്കർ: കേരളമല്ല തമിഴ്നാട് എന്ന് ആലോചിച്ച് വേണം.....

ശ്രീ. കെ. അച്ചുതൻ: കേരളമല്ല തമിഴ്നാടെന്ന് എനിക്കറിയാം. ഇവിടെ മുഖ്യമന്ത്രിയും ജലവിഭവ വകുപ്പുമന്ത്രിയും ഇടപെട്ടതിന് ശേഷവും ദിവസേന വെള്ളം കുറഞ്ഞ് കുറഞ്ഞ് വരികയാണ്. വെള്ളം കിട്ടുന്നത് വരെ അവിടെ ഇരിക്കാതെ നിവൃത്തിയില്ല. അതു കൊണ്ട് ഞാൻ മദ്രാസിലേക്ക് നാളെ പോകുന്നു. ആ വിവരം സഭയെ അറിയിക്കുന്നു. സഭയുടെ പിൻതുണ ഉണ്ടാകണമെന്ന് അഭ്യർത്ഥന നടത്തുകയാണ്.

മി. സ്പീക്കർ: സി. എം.-ന് . നേരത്തെ പറഞ്ഞതിൽ കൂടുതലായിട്ടൊന്നും പറയാനില്ലല്ലോ.....(ബഹളം).:.....അതിന് നിങ്ങൾ ബഹളമുണ്ടാക്കുന്നത് എന്തിനാണ്?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ബഹുമാനപ്പെട്ട മെമ്പർ ചിറ്റൂർ പ്രദേശത്തെ, അതുപോലെതന്നെ പാലക്കാട് ജില്ലയിലെ കർഷകർ നേരിടുന്ന ഏറ്റവും ഗുരുതരമായ പ്രശ്നത്തിൽ അദ്ദേഹത്തിന്റെ ഉത്ക്കണ്ഠ പറഞ്ഞതാണ്. അദ്ദേഹം കൃഷിക്കാരുടെ പ്രതിനിധി കൂടിയാണ്. അതുകൊണ്ട് അദ്ദേഹം ഇതേക്കുറിച്ച് വളരെയധികം പ്രയാസപ്പെടുന്നുണ്ട്. ആ പ്രയാസം കൊണ്ട് അദ്ദേഹം പറയുന്ന കാര്യങ്ങളാണ്. അദ്ദേഹം പറയുന്ന കാര്യങ്ങളുടെ ഗൗരവം ഗവൺമെന്റിനറിയാം. ഗവൺമെന്റ് അതുകൊണ്ടാണ് തമിഴ്നാട് ഗവൺമെന്റുമായി നിരന്തരം ഈ പ്രശ്നത്തെക്കുറിച്ച് സമ്പർക്കം പുലർത്തിവരുന്നത്. തമിഴ്നാട് ഗവൺമെന്റിനെക്കൊണ്ട് കരാർ പാലിപ്പിക്കുന്നതിനുവേണ്ടി മനുഷ്യ സാധ്യമായി ചെയ്യാവുന്ന എല്ലാ നടപടികളും

LIBRARY ARCHIVES Kerala Legislative Assembly